# വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുക

## എബ്രായർ 6:12

"അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും."

അബ്രഹാം തന്റെ പിതൃഭവനവും, സ്വന്തദേശവും വിട്ട് യഹോവ കാണിപ്പാനിരിക്കുന്ന ദേശത്തേയ്ക്ക് യാത്ര പുറപ്പെട്ടത് ദൈവത്തിലുള്ള തന്റെ തീക്ഷണമായ വിശ്വാസം മൂലമാണ്. അതുകൊണ്ടാണ് അബ്രഹാം 'വിശ്വാസികളുടെ പിതാവ്' എന്നറിയപ്പെടുന്നത്. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും എന്ന വാഗ്ദത്തം ലഭിച്ചതിനുശേഷവും അബ്രഹാം തന്റെ വാഗ്ദത്ത നിവൃത്തിയ്ക്കായി ദീർഘക്ഷമയോടെ കാത്തിരുന്നു. തന്റെ വിശ്വാസത്തിൽ ഭംഗം വന്നില്ല. മോറിയ മലയിൽ യിസഹാക്കിനെ യാഗം കഴിപ്പാൻ യഹോവ ആവശ്യപ്പെടുമ്പോൾ അതിൽനിന്നു പിന്മാറിപ്പോകുന്ന അബ്രഹാമിനെയല്ലാ നാം കാണുന്നത്, പകരമോ യഹോവ കരുതിക്കൊള്ളും എന്ന പരിപൂർണ്ണമായ വിശ്വാസം തന്റെ പുത്രനിലേയ്ക്കും പകരുന്ന അബ്രഹാമിനെയാണ് നാം കണ്ടത്.

റോമർ 4:3 "അബ്രഹാം ദൈവത്തെ വിശ്വസിച്ചു; അത് അവനു നീതിയായി കണക്കിട്ടു."

ഓരോ വിശ്വാസിയുടെ ജീവിതത്തിലും ദീർഘക്ഷമയോടെ വിശ്വാസത്താലുള്ള കാത്തിരിപ്പാണ് ആവശ്യം. ഒരിക്കൽ വിശ്വാസത്തിൽ തീക്ഷണതയോടെ നിലനിന്നവർ പോലും പിന്നീട് പിന്മാറ്റത്തിന്റെ അനുഭവത്തിലേക്ക് പോകാറുണ്ട്. അവരെ വീണ്ടും ക്രിസ്തുവിലേക്ക് തിരികെ നടത്തുവാൻ ഉതകുന്നതായ ഒരു വചനഭാഗമാണ് നാം വായിച്ചത് അവസാനത്തോളം. സ്ഥിരതയോടെ ഏല്പിച്ച കർത്തവ്യങ്ങൾ നാം നിവൃത്തിയ്ക്കുമ്പോഴാണ് നല്ല ദാസൻ എന്ന വിളിക്ക് നാം യോഗ്യരാകുന്നത്. ദൈവം ഏല്പിച്ച ദാനങ്ങളെ ഇരട്ടിയാക്കുവാനും അങ്ങനെയുള്ളവർക്കേ സാധിക്കൂ. വിശ്വാസ ജീവിതത്തിൽ, നമുക്കു മന്ദത വന്നുപോയെങ്കിൽ, അതു മാറ്റി, സ്ഥിരതയോടെ, വിശ്വാസത്തോടെ, ദീർഘക്ഷമയോടുകൂടെ വീണ്ടും ക്രിസ്തുവിലേയ്ക്ക് തിരികെ നടക്കുക. കാരണം വാഗ്ദത്തം തന്നവൻ വിശ്വസ്തനാണ്.

പരാമർശം:
എബ്രായർ 10:36
"ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്കു ആവശ്യം".

സിസ്റ്റർ ഫെബി മറിയം വിനോദ് കായംകുളം 003